LATIN ARCHDIOCESE OF TRIVANDRUM

n. 005/2021/PL Dated: 19.10.2021

# മിഷൻ ഞായർ - 2021

ദൈവത്തിനു സ്തുതി!
ദൈവജനത്തിന് സമാധാനം!

വന്ദ്യവൈദീകരെ, പ്രിയ മക്കളെ,

ഇന്ന് മിഷൻ ഞായറാണ്. സുവിശേഷവത്കരണത്തെക്കുറിച്ച് നാം ചിന്തിക്കുന്ന ഒരു നല്ലദിവസം! ഓരോ കൊല്ലവും ഇതോടനുബന്ധിച്ച് പരിശുദ്ധ പിതാവ് സഭാമക്കളെയെല്ലാം അഭിസംബോധന ചെയ്തുകൊണ്ട് ഒരു സന്ദേശം നൽകാറുണ്ട്. ഇത്തവണ ഈ സന്ദേശത്തിന്റെ പ്രമേയമായി ഫ്രാൻസിസ് പാപ്പ തിരഞ്ഞെടുത്തിരിക്കുന്നത് അപ്പസ്തോലപ്രവർത്തനങ്ങളിലെ 4-ാം അധ്യായം 20-ാം വാക്യമാണ് 'ഞങ്ങൾ കാണുകയും കേൾക്കുകയും ചെയ്ത കാര്യങ്ങളെക്കുറിച്ച് സംസാരിക്കാതിരിക്കാൻ സാധ്യമല്ല'.

കാണുകയും കേൾക്കുകയും ചെയ്ത കാര്യങ്ങൾ എന്ന് പറയുമ്പോൾ തിരുവചനങ്ങൾ സൂചിപ്പിക്കുന്നത് സ്നേഹം തന്നെയായ ദൈവവുമായി ബന്ധപ്പെടുമ്പോഴുണ്ടാകുന്ന ആനന്ദാനുഭൂതിയാണ്. 'ഞങ്ങൾ കാണുകയും കേൾക്കുകയും ചെയ്തത് നിങ്ങളേയും ഞങ്ങളറിയിക്കുന്നു' (1 യോഹ 1: 3) എന്ന വാക്കുകളിലൂടെ യോഹന്നാൻ അർത്ഥമാക്കുന്നതും ഇതുതന്നെയാണ്. ഇതാണ് സുവിശേഷവത്കരണം. ജീവിതാനുഭവങ്ങൾ ഹൃദയത്തെ സ്പർശിക്കുന്ന തോതനുസരിച്ച് അവ പങ്കുവയ്ക്കുവാനുള്ള ശക്തമായ ഒരു ഉൾപ്രേരണ അനുഭവപ്പെടുക സ്വാഭാവികമാണ്. ഈ വസ്തുത എടുത്ത് പറഞ്ഞുകൊണ്ടാണ് പാപ്പ തന്റെ സന്ദേശമാരംഭിക്കുന്നത്. സ്നേഹം തന്നെയായ ദൈവത്തെ അനുഭവിച്ചറിയുന്നതിനേക്കാൾ വലിയൊരു സന്തോഷാനുഭൂതി മറ്റൊന്നില്ല. അതുകൊണ്ട്, ദൈവത്തെ അനുഭവിച്ചറിയാനും ആ അനുഭവത്തിൽ നിലനിൽക്കാനും, ഏത് പ്രതിബന്ധങ്ങളേയും അതിജീവിച്ച് അത് മറ്റുള്ളവരുമായി പങ്കുവയ്ക്കാനുള്ള ഉൾപ്രേരണയും ശക്തമായിരിക്കും. ഈ ഉൾപ്രേരണയാണ്, അഥവാ പ്രേഷിത തീക്ഷണതയാണ് ഫലപ്രദമായ പ്രേഷിത പ്രവർത്തനങ്ങൾക്കാവശ്യമായ ഒരു പ്രധാന സവിശേഷതയായി പാപ്പ തന്റെ സന്ദേശത്തിലുടനീളം എടുത്തുക്കാണിക്കുന്നത്.

പഴയ നിയമത്തിലെ പ്രവാചകന്മാരും പുതിയ നിയമത്തിലെ അപ്പോസ്തലന്മാരുമെന്നല്ല ദൈവവുമായുള്ള ബന്ധത്തിലൂടെ ഈ സ്നേഹം അനുഭവിച്ചറിയുന്ന സകലരും ഈ സ്നേഹാനുഭവം എല്ലാവരുമായി പങ്കുവയ്ക്കുവാനുള്ള ദൗത്യം ഏറ്റെടുക്കുന്ന മിഷനറിമാരാണ്. ഈ ദൗത്യം ആരും ആരുടെ മേലും അടിച്ചേൽപ്പിക്കുന്ന ഒന്നല്ല. സ്നേഹം അനുഭവിക്കുന്നതിന്റെ തോതനുസരിച്ച് അത് പങ്കുവയ്ക്കുവാനുള്ള ഉൾപ്രേരണയും അവരിലുണ്ടാകും. ബൗദ്ധികമായ കാഴ്ചപ്പാടുകളുടേയും കണക്കുകൂട്ടലിന്റേയും ഫലമായി ഒരുവൻ ഏറ്റെടുക്കുന്ന ഒരു ദൗത്യമല്ല മിഷനറി പ്രവർത്തനം; പിന്നെയോ, ആഴമായ ദൈവാനുഭവത്തിന്റെയും തികഞ്ഞ ഔദാര്യത്തിന്റേയും സ്വതന്ത്രമായ ആത്മദാനത്തിന്റേയും ഫലമാണിത്. എന്തെങ്കിലും കിട്ടുമെന്ന പ്രതീക്ഷയല്ല, എത്രതന്നെ തടസ്സങ്ങളുണ്ടായാലും അവയെല്ലാം അതിജീവിച്ച്, ഉള്ളത് എല്ലാവരുമായി പങ്കുവയ്ക്കുന്നതാണ് മിഷനറി ദൗത്യത്തിന്റെ സവിശേഷത.

ദൈവവുമായി ബന്ധപ്പെടുമ്പോൾ ഉളവാകുന്ന അറിവും അനുഭവവും എല്ലാവരേയും ദൈവീകമായ സന്തോഷം കൊണ്ട് നിറയ്ക്കുകയും ഈ ആനുഭവം പങ്കുവയ്ക്കുവാനുള്ള ശക്തമായ ഉൾപ്രേരണ അഥവാ മിഷനറി തീക്ഷണത പകർന്നു കൊടുക്കുകയും ചെയ്യും.

ഉദാഹരണത്തിന് ജറെമിയാസ് പ്രവാചകൻ ഈ അറിവിനേയും അനുഭവത്തേയും അവതരിപ്പിക്കുന്നത് ഇപ്രകാരമാണ്. 'അങ്ങയുടെ വചനം കണ്ടെത്തിയപ്പോൾ ഞാൻ അവ ഭക്ഷിച്ചു; അവ എനിക്ക് ആനന്ദാമൃതമായി; എന്റെ ഹൃദയത്തിന് സന്തോഷവും' (ജറെ 15: 16). അതേ സമയം തന്നെ ഈ ദൈവാനുഭവവും ഉൾപ്രേരണയും കാരണം ജറെമിയാസിന് ചുറ്റുമുള്ളവരിൽ നിന്ന് ശക്തമായ എതിർപ്പ് നേരിടേണ്ടിവരുന്നു. തുടർച്ചയായ അപമാനത്തിനും നിന്ദനത്തിനും പരിഹാസത്തിനും ഇരയായിത്തീരുന്നു. ദൈവാനുഭവം പങ്കുവയ്ക്കുന്ന പ്രേഷിത ദൗത്യത്തിൽ നിന്ന് ഒഴിഞ്ഞുമാറി സ്വസ്ഥമായി ജീവിക്കുവാനാഗ്രഹിച്ചപ്പോൾ ഉള്ളിന്റെ ഉള്ളിൽ അനുഭവപ്പെട്ട സംഘർഷങ്ങളെ അദ്ദേഹംതന്നെ വിവരിക്കുന്നത് ഇപ്രകാരമാണ്: 'അവിടുത്തെപ്പറ്റി ഞാൻ ചിന്തിക്കുകയില്ല, അവിടുത്തെ നാമത്തിൽ മേലിൽ സംസാരിക്കുകയില്ല എന്ന് ഞാൻ പറഞ്ഞു. എന്നാൽ ഹൃദയത്തെ ദഹിപ്പിക്കുന്ന അഗ്നി എന്റെ അസ്ഥികൾക്കുള്ളിൽ അടച്ചിട്ടിരിക്കുന്നതുപോലെ എനിക്കനുഭവപ്പെട്ടു. അതിനെ അടക്കാൻ ഞാൻ ശ്രമിച്ചു. ഞാൻ തളർന്നു. എനിക്ക് സാധിക്കുന്നില്ല' (ജറെ. 20: 9). മിഷനറി തീക്ഷ്ണത അഗ്നിപോലെ ഉള്ളിൽ ജ്വലിക്കുമ്പോൾ ദൈവാനുഭവം മറ്റുള്ളവരുമായി പങ്കുവയ്ക്കാതിരിക്കാൻ പ്രവാചകർക്ക് സാധിക്കുകയില്ല. ഇവിടെ നാം കാണുന്ന വിരോധാഭാസമിതാണ്: പ്രവാചകന്റെ എല്ലാ സഹനങ്ങൾക്കും കാരണമായ ദൈവാനുഭവം തന്നെയാണ് പ്രവാചകന് ആനന്ദാമൃതവും ഹൃദയത്തിന് സന്തോഷവും പകരുന്നത്.

ഇതുതന്നെയാണ് പുതിയ നിയമത്തിൽ അപ്പോസ്തലന്മാരുടെ അനുഭവവും. യേശു നിരന്തരം തന്റെ സ്നേഹാനുഭവം അവർക്ക് വെളിപ്പെടുത്തി കൊടുക്കുകയായിരുന്നു. അത്യന്തം വിസ്മയത്തോടും സന്തോഷാനുഭൂതിയോടും കൂടിയാണ് അവർ ആധികാരികമായ അവിടുത്തെ പഠനങ്ങൾ ശ്രവിച്ചതും അത്ഭുതപ്രവൃത്തികൾ കണ്ടുകൊണ്ടിരുന്നതും. അവിടുന്ന് രോഗികളെ സുഖപ്പെടുത്തുന്നതും വിശക്കുന്നവരെ തീറ്റിപ്പോറ്റുന്നതും, പാപികളോടൊപ്പം സഹവസിച്ചുകൊണ്ട് അവരെ മാനസാന്തരപ്പെടുത്തുന്നതും, അവശരുമായി സ്വയം താദാത്മ്യപ്പെടുത്തുന്നതും സൗഭാഗ്യങ്ങൾ വാഗ്ദാനം ചെയ്യുന്നതും എല്ലാവരേയും ദൈവരാജ്യത്തിലേയ്ക്ക് ക്ഷണിക്കുന്നതും അപ്പോസ്തലന്മാർ കാണുകയും കേൾക്കുകയും ചെയ്യുകയായിരുന്നു. സ്നേഹത്തിന്റെ ഈ വെളിപാടിനെ സംഗ്രഹിച്ചുകൊണ്ട്, അവസാനം യേശു അവരോട് പറഞ്ഞതിതാണ്: 'ഇതാണെന്റെ കല്പന. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ' (യോഹ 15: 12). യേശുവിനെ തിരിച്ചറിഞ്ഞ ശിഷ്യന്മാർ പറഞ്ഞു: 'ഞങ്ങൾ മിശിഹായെ - ക്രിസ്തുവിനെ -കണ്ടു' (യോഹ 1: 41). ക്രിസ്തുവിലുള്ള അവരുടെ വിശ്വാസം ഇപ്രകാരം അവർ ഏറ്റുപറഞ്ഞു: 'അങ്ങ് ദൈവത്തിന്റെ പുത്രനാണ്; ഇസ്രായേലിന്റെ രാജാവാണ്' (യോഹ 1: 49); 'നീ ജീവിക്കുന്ന ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാണ്' (മത്താ 16: 16). ഈ വിശ്വാസം പ്രഘോഷിച്ചുകൊണ്ട് ആരെയും അവഗണിക്കാതെ വഴിക്കവലകളിൽ പോലും ചെന്ന് എല്ലാവരെയും ദൈവരാജ്യത്തിലേയ്ക്ക് ക്ഷണിക്കാനാണ് യേശു ശിഷ്യന്മാരോട് ആവശ്യപ്പെട്ടത്. (മത്താ. 22: 9).

എന്നാൽ പഴയനിയമത്തിലെ ജറെമിയാസിനെയും പ്രവാചകന്മാരെയും പോലെ അപ്പോസ്തലന്മാർക്കും അവർ ഏറ്റെടുത്ത പ്രേഷിത ദൗത്യം നിറവേറ്റുന്നത് അത്ര എളുപ്പമായിരുന്നില്ല. യേശുവിന്റെ പീഡാനുഭവവും മരണവും കണ്ട് ഭയവിഹ്വലരായ ശിഷ്യന്മാർ ചിതറിക്കപ്പെടുന്നതും അടച്ചുപൂട്ടിയ മുറികളിൽ ഒളിച്ചിരിക്കുന്നതുമെല്ലാമാണ് സുവിശേഷങ്ങളിൽ നാം കാണുന്നത്. അവസാനം പരിശുദ്ധാത്മാവിനെ സ്വീകരിച്ചതോടു കൂടിയാണ് പ്രേഷിത പ്രവർത്തനത്തിനാവശ്യമായ പുതിയൊരു വെളിച്ചവും അതിനുവേണ്ട ശക്തിയും അവരിൽ വന്നു നിറയുന്നത്. പിന്നെ അവരാരെയും ഭയപ്പെടുന്നില്ല. എപ്പോഴും എവിടെയും അവർ പ്രേഷിത തീക്ഷ്ണതകൊണ്ട് ജ്വലിച്ചിരുന്നു. അവർ തങ്ങളെ പീഡിപ്പിക്കുകയും യേശു നാമത്തിൽ പ്രസംഗിക്കരുതെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്ത യഹൂദ ന്യായാധിപസംഘത്തിന് നൽകുന്ന മറുപടിയാണ് ഫ്രാൻസിസ് പാപ്പ നൽകുന്ന മിഷൻ ഞായർ സന്ദേശത്തിന്റെ പ്രമേയം: 'ഞങ്ങൾ കാണുകയും കേൾക്കുകയും ചെയ്ത കാര്യങ്ങളെക്കുറിച്ച് സംസാരിക്കാതിരിക്കാൻ ഞങ്ങൾക്ക് സാധ്യമല്ല'.

ശിഷ്യന്മാരുടെ ഈ പ്രേഷിത തീക്ഷണതയുടെ ചരിത്രമാണ് അപ്പസ്തോലിക പ്രവർത്തനങ്ങൾ എന്ന ഗ്രന്ഥത്തിൽ സംഗ്രഹിച്ചിരിക്കുന്നത്. സുവിശേഷത്തിന്റെ സുഗന്ധം അത് കടന്നുപോകുന്നിടത്ത്, പരിശുദ്ധാത്മാവിന് മാത്രം തരാൻ കഴിയുന്ന സന്തോഷത്തെ പ്രചോദിപ്പിച്ചുകൊണ്ട് എങ്ങനെ വ്യാപിച്ചു എന്നും, പ്രതിബന്ധങ്ങൾ കണ്ടു ഭയപ്പെടാതെ എങ്ങനെ അവയെ രക്ഷയിലേയ്ക്കുള്ള അവസരങ്ങളാക്കിതീർക്കാൻ സാധിക്കും എന്നും നമ്മെ ഈ ഗ്രന്ഥം പഠിപ്പിക്കുന്നു.

പ്രേഷിത പ്രവർത്തനങ്ങളെ സംബന്ധിച്ചിടത്തോളം ഭയപ്പെടുത്തുന്നതും നിരുത്സാഹപ്പെടുത്തുന്നതുമായ ഒരന്തരീക്ഷമാണ് ഇന്നുമുള്ളത്. സർവ്വ വ്യാപകമായ സാംക്രമിക രോഗത്തിന്റെ പിടിയിൽ നിന്ന് നാം ഇനിയും വിമുക്തരായിട്ടില്ല. ഇതിന്റെ ഫലമായി ഒന്നിനൊന്ന് വർദ്ധിച്ചുകൊണ്ടിരിക്കുന്ന വേദനയും ഏകാന്തതയും ദാരിദ്ര്യവും നമ്മിൽ പലരെയും തളർത്തിക്കളയുന്നു. സുരക്ഷിതമാണെന്ന് നമ്മൾ കരുതിയ താവളങ്ങൾ നിലനിൽക്കുന്നതല്ലെന്ന് നമുക്ക് ബോധ്യമായി. ഇതുവരെ പിടിച്ചുനിൽക്കാനും മുന്നോട്ട് പോകാനും നമ്മെ സഹായിച്ച പ്രത്യാശയ്ക്ക് കുറേയേറെ കോട്ടം തട്ടിയതായി തോന്നിപ്പോകുന്നു. 'എല്ലാം തകർന്നു ഒന്നും നേരെയാകുവാൻ പോകുന്നില്ല' എന്ന് പറയുന്ന ഭീരുത്വം നിറഞ്ഞ സംശയവാദത്തിന് പലരും അടിമകളാകുന്നു. സാംക്രമിക രോഗത്തിന്റെ ഇക്കാലത്ത് ആരോഗ്യകരമായ സാമൂഹിക അകലത്തന്റെ പേരിൽ ഉദാസീനതയേയും ഉദാരശൂന്യതയേയും മറച്ചുവച്ച്, എല്ലവരിലും നിന്നും അകലുകയും മറ്റുള്ളവരെ അവഗണിക്കുകയും ചെയ്യുന്ന ഒരു പ്രവണതയും പരക്കെ ദൃശ്യമാണ്. ഈ പ്രലോഭനങ്ങളുടെ മധ്യേ പ്രേഷിത തീക്ഷണതയോടെ ജ്വലിച്ചുനിന്നുകൊണ്ട് ഇവയ്ക്കെല്ലാം സ്നേഹത്തോടെ പരിഹാരം കണ്ടെത്തുന്ന ഒരു പ്രേഷിത തീക്ഷണതയിലേയ്ക്കാണ് തന്റെ സന്ദേശത്തിലൂടെ ഫ്രാൻസിസ് പാപ്പ പ്രേഷിത പ്രവർത്തകരെയെല്ലാം ആഹ്വാനം ചെയ്യുന്നത്. ഇന്നത്തെ സാഹചര്യങ്ങളുടെ സമ്മർദ്ദത്തിന് വിധേയരായി നിരാശയ്ക്ക് അടിമകളാകാതെ നിറഞ്ഞ പ്രത്യാശയോടുകൂടി ക്രിസ്തു ഉയർത്തെഴുന്നേറ്റു എന്നും അവിടുന്ന് നമ്മുടെ മധ്യേ വസിക്കുന്നുവെന്നും സംശയരഹിതമായ വിധത്തിൽ പ്രഘോഷിക്കുവാൻ നമുക്ക് കഴിയണം. ജീവനുള്ള അവിടുത്തെ സാന്ത്വന വചനം നമ്മുടെ സമൂഹങ്ങളിലും കുടുംബങ്ങളിലും മുഴങ്ങുന്നതായും എല്ലാവരുടേയും ഹൃദയങ്ങളിൽ പ്രതിധ്വനിക്കുന്നതായും കേൾക്കുവാൻ നമുക്കാകണം.

പതിവുപോലെ കഴിഞ്ഞകൊല്ലം (2020) വിവധ ആവശ്യങ്ങൾക്കായി നിങ്ങളിൽ നിന്നും പിരിഞ്ഞു കിട്ടിയ മൊത്തം തുകയും വരവു ചെലവു കണക്കുകളുടെ സംക്ഷിപ്ത രൂപവും നിങ്ങളുടെ അറിവിലേയ്ക്കായി ഇതോടൊപ്പം ചേർക്കുന്നു.

കഴിഞ്ഞകൊല്ലം മൊത്തത്തിൽ നമ്മുടെ അതിരൂപതയിൽ നിന്നും സമാഹരിക്കാൻ സാധിച്ചത് 83,95,687/- (എൺപത്തിമൂന്നു ലക്ഷത്തി തൊണ്ണൂറ്റി അയ്യായിരത്തി അറുനൂറ്റി എൺപത്തിയേഴ്) രൂപയാണ്.

| **മൊത്തത്തിൽ കൂടുതൽ സംഭാവന നൽകിയ ഇടവകകൾ** | | | **ആളോഹരി ക്രമത്തിൽ സംഭാവന സംഭാവന നൽകിയ ഇടവക** | | |
|---|---|---|---|---|---|
| 1 | പാളയം | 7,00,000/- | 1 | മംഗലപുരം | 450.00 |
| 2 | വെട്ടുകാട് | 5,18,901/- | 2 | കുന്നിൻപുറം | 273.47 |
| 3 | പുത്തൻതോപ്പ് | 5,15,323/- | 3 | CRPF ക്യാമ്പ്, പള്ളിപ്പുറം | 250.00 |
| 4 | വിഴിഞ്ഞം | 5,04,120/- | 4 | ശ്രീകാര്യം | 201.76 |
| 5 | പുല്ലുവിള | 4,64,077/- | 5 | പുത്തൻതോപ്പ് | 152.87 |
| 6 | പുതിയതുറ | 3,91,374/- | 6 | ഞാണ്ടൂർക്കോണം | 139.62 |
| 7 | മരിയനാട് | 3,76,865/- | 7 | പാളയം | 131.55 |

| | | | | | |
|---|---|---|---|---|---|
| 8 | പൂന്തുറ | 3,50,000/- | 8 | നന്തൻകോട് | 119.42 |
| 9 | അഞ്ചുതെങ്ങ് | 2,45,000/- | 9 | ചെറുവെട്ടുകാട് | 111.05 |
| 10 | തൂത്തൂർ | 2,26,334/- | 10 | ആറ്റിങ്ങൽ | 110.37 |

9 സ്ഥാപനങ്ങളും 29 സന്യാസ ഭവനങ്ങളും തങ്ങളുടേതായ സംഭാവനകൾ നൽകിയിട്ടുണ്ട്. 1,10,000/-(ഒരു ലക്ഷത്തി പതിനായിരം) രൂപ നൽകിയ സി.സി.ആർ. ജനറലേറ്റും, 75,000/- (എഴുപത്തി അയ്യായിരം) രൂപ നൽകിയ വഴുതക്കാട് കാർമ്മൽ കോൺവെന്റുമാണ് മുൻ നിരയിൽ നിൽക്കുന്നത്.

ഇപ്രകാരം കഴിഞ്ഞകൊല്ലം ശേഖരിച്ച തുകയിൽ 45,50,000/- (നാൽപത്തിഅഞ്ച് ലക്ഷത്തി അൻപതിനായിരം) രൂപ റോമിലെ വിവിധ തിരുസംഘങ്ങൾക്ക് അയച്ചുകൊടുത്തു. 5,15,640/- (അഞ്ചുലക്ഷത്തി പതിനയ്യായിരത്തി അറുനൂറ്റി നാൽപത്) രൂപ ഭാരതത്തിലെയും കേരളത്തിലെയും വിവിധ മെത്രാൻ സമിതികളുടെ ശുശ്രൂഷയ്ക്കായി നൽകി. ബാക്കിയുള്ള 33,30,047/- (മുപ്പത്തി മൂന്ന് ലക്ഷത്തി മുപ്പതിനായിരത്തി നാൽപത്തി ഏഴ്) രൂപയിൽ 15,80,500/- (പതിനഞ്ചു ലക്ഷത്തി എൺപതിനായിരത്തി അഞ്ഞൂറ്) രൂപ ഇതിനകം തന്നെ വിവിധ മിഷൻ കേന്ദ്രങ്ങളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും പുതുതായി പണിത ദൈവാലയങ്ങളുടെ പൂർത്തീകരണത്തിനായും നൽകുകയുണ്ടായി.

ബാക്കിയുള്ള 17,49,547/- (പതിനേഴ് ലക്ഷത്തി നാൽപ്പത്തി ഒൻപതിനായിരത്തി അഞ്ഞൂറ്റി നാൽപ്പത്തേഴ്) രൂപ പുതുതായി പണിതുകൊണ്ടിരിക്കുന്ന ദൈവാലയങ്ങളുടെ പൂർത്തീകരണത്തിനായി മാറ്റി വയ്ക്കുന്നു.

നിരവധി ത്യാഗങ്ങൾ സഹിച്ച് വേണ്ടിവന്നാൽ ജീവൻപോലും സമർപ്പിച്ച് പ്രേഷിത തീക്ഷണതയോടെ ദൈവാനുഭവത്തിന് സാക്ഷ്യംവഹിക്കുന്ന പ്രവർത്തകരെയെല്ലാം അഭിമാനത്തോടും കൃതജ്ഞതയോടും കൂടി നമുക്ക് ഓർമ്മിക്കാം. ഇന്ന് സഭയും സമൂഹവും നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താനുള്ള വെളിച്ചം നൽകി അവരെ അനുഗ്രഹിക്കണമേ എന്ന് നമുക്ക് പ്രാർത്ഥിക്കാം. ജ്ഞാനസ്നാനത്തിലൂടെ നാം ഓരോരുത്തരും ഏറ്റെടുത്ത പ്രേഷിത ദൗത്യം നവീകരിക്കുകയും വിശ്വസ്തതയോടെ വാഗ്ദാനങ്ങൾ നിറവേറ്റുന്നതിനായി ഈ നല്ല ദിവസം നമുക്ക് നമ്മെത്തന്നെ സമർപ്പിക്കുകയും ചെയ്യാം. പ്രാർത്ഥനയ്ക്കു പുറമേ പരിഹാരപ്രവർത്തികളിലൂടെയും സാധ്യമായ എല്ലാവിധ സഹായങ്ങളിലൂടെയും പ്രേഷിത തീക്ഷണത ജ്വലിപ്പിച്ചു നിർത്താൻ നമുക്ക് സഹകരിക്കാം.

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ!

പ്രാർത്ഥനാശംസകളോടെ,

ARCHBISHOP M. SOOSAPAKIAM TRIVANDRUM

† സൂസപാക്യം എം.
തിരുവനന്തപുരം മെത്രാപ്പോലീത്ത

**NB**: ഈ ഇടയലേഖനം 2021 ഒക്ടോബർ മാസം 24-ാം തീയതി ദിവ്യബലിമധ്യേ വായിച്ചു വിശദീകരിക്കേണ്ടതാണ്.